<u>**14 -ാം കേരള നിയമസഭ**</u>

<u>**22 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2233**</u> <u>**20-01-2021 - ൽ മറുപടിയ്ക്ക്**</u>

<u>**മുൻഗണനാ വിഭാഗക്കാർക്കുള്ള റേഷൻ കാർഡ്**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **Shri P. Thilothaman**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മുൻഗണനേതര വിഭാഗത്തിൽപെട്ട റേഷൻ കാർഡുടമകളിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി 2020 ൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് മുൻഗണനേതര വിഭാഗത്തിൽ നിന്ന് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി 2020 ൽ 1,96,560 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മലപ്പുറം ജില്ലയിലെ ഏറനാട്, കൊണ്ടോട്ടി താലൂക്കുകളിൽ 2020-ൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് മുൻഗണനാ റേഷൻ കാർഡ് അനുവദിച്ചുവെന്നും അറിയിക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ 2020-ൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താനായി ഏറനാട് താലൂക്കിൽ ലഭിച്ച 4140 അപേക്ഷകളിൽ 1541 കുടുംബങ്ങൾക്കും കൊണ്ടോട്ടി താലൂക്കിൽ ലഭിച്ച 1999 അപേക്ഷകളിൽ 775 കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട്. |
| (സി) | മുൻഗണനാ വിഭാഗത്തിൽപെട്ട എത്ര റേഷൻ കാർഡുകൾ അവരുടെ അപേക്ഷ പ്രകാരം 2020-ൽ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റി (കൊണ്ടോട്ടി, ഏറനാട്) എന്നറിയിക്കാമോ; | (സി) | ഏറനാട് താലൂക്കിൽ 417 കാർഡുകളും കൊണ്ടോട്ടി താലൂക്കിൽ 282 കാർഡുകളും അപേക്ഷ പ്രകാരം 2020-ൽ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ഡി) | സർക്കാരിന്റെ പരിശോധനയിൽ അനർഹരെന്ന് കണ്ടെത്തിയ എത്രയാളുകളെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയെന്ന് (കൊണ്ടോട്ടി, ഏറനാട്) വെളിപ്പെടുത്താമോ? | (ഡി) | ഏറനാട് താലൂക്കിൽ 1316 കാർഡുകളും കൊണ്ടോട്ടി താലൂക്കിൽ 282 റേഷൻകാർഡുകളും സർക്കാരിന്റെ പരിശോധനയിൽ അനർഹരെന്ന് കണ്ടെത്തി മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **ക്രമ നമ്പർ** | **ജില്ല** | **അപേക്ഷകളുടെ എണ്ണം** |
|---|---|---|
| **1** | തിരുവനന്തപുരം | 21363 |
| 2 | കൊല്ലം | 23760 |
| 3 | പത്തനംതിട്ട | 6430 |
| 4 | ആലപ്പുഴ | 15873 |
| 5 | കോട്ടയം | 8218 |
| 6 | ഇടുക്കി | 4472 |
| 7 | എറണാകുളം | 13874 |
| 8 | തൃശ്ശൂർ | 18163 |
| 9 | പാലക്കാട് | 23871 |
| 10 | മലപ്പുറം | 22247 |
| 11 | കോഴിക്കോട് | 13948 |
| 12 | വയനാട് | 5774 |
| 13 | കണ്ണൂർ | 9371 |
| 14 | കാസർഗോഡ് | 9196 |
| **ആകെ** | | **196560** |